# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5613

27.10.2011 ൽ മറുപടിയ്ക്ക്

## കാർഷിക വായ്പകൾക്കുള്ള പലിശനിരക്ക്

**ചോദ്യം**

ശ്രീ. കെ.എം. ഷാജി
ശ്രീ. എൻ. എ. നെല്ലിക്കുന്ന്
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
ശ്രീ. കെ. എൻ. എ. ഖാദർ

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയ്ക്കുള്ള ഫണ്ടിന്റെ വിനിയോഗ നിബന്ധനകൾ എന്തൊക്കെയെന്ന വിശദമാക്കാമോ;

(എ) നബാർഡ് പോളിസി പ്രകാരം സംസ്ഥാനത്ത് കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വിള വായ്പയുടെ 40% നബാർഡ് പുനർവായ്പയായി അനുവദിക്കുന്നു. ബാക്കി വരുന്ന തുകയിൽ 23% സംസ്ഥാന സഹകരണ ബാങ്കും, 37% അതാതു ജില്ലാ സഹകരണ ബാങ്കുകളുമാണ് വഹിക്കുന്നത്. കഴിഞ്ഞ 2 വർഷങ്ങളിൽ നബാർഡിൽ നിന്നും റീ ഫിനാൻസ് സൗകര്യം ലഭ്യമായിരുന്നില്ല. മേൽ സാഹചര്യത്തിൽ മുഴുവൻ തുകയും സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ അവയുടെ സ്വന്തം ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നു. ഇപ്രകാരം സ്വന്തം ഫണ്ടിൽ നിന്നും വിനിയോഗിക്കുന്ന തുകയ്ക്ക് 1½% കേന്ദ്രസർക്കാർ പലിശ സബ് വെൻഷൻ അനുവദിക്കുന്നു.

(ബി) സ്വാശ്രയ സഹായ സംഘങ്ങൾക്ക് പ്രസ്തുത ഫണ്ടിൽ നിന്നും നൽകുന്ന ധനസഹായത്തിന്റെ വിശദവിവരം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫണ്ടിൽ നിന്നും സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായത്തിനായി പ്രത്യേക വിഹിതം ഒന്നും തന്നെ നിഷ്കർഷിച്ചിട്ടില്ല.

| | | | |
|---|---|---|---|
| (സി) | അതിൻപ്രകാരം പ്രോത്സാഹനാർത്ഥം എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്യുന്നതെന്ന് വെളിപ്പെടുത്താമോ; | (സി) | സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ അക്കൗണ്ടുകൾ ആരംഭിച്ചിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് നബാർഡ് മാനദണ്ഡ പ്രകാരം ഗ്രേഡിംഗ് പാസ്സായാൽ കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അർഹതയുള്ള സ്വയം സഹായ സംഘങ്ങൾക്കും പ്രസ്തുത തുകയിൽ നിന്നും കാർഷിക വായ്പ അനുവദിക്കുന്നതിന് തടസ്സമില്ല. നെൽകൃഷി ചെയ്യുന്ന സ്വയം സഹായ സംഘങ്ങൾക്ക് പലിശ രഹിത വായ്പ ലഭ്യമാണ്. |
| (ഡി) | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നൽകുന്ന വായ്പകളുടെ പലിശ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ; അത് കർഷകർക്ക് സഹായകരമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന 7% പലിശ നിരക്കിലാണ് ഹ്രസ്വകാല കാർഷിക വിള വായ്പകൾ വിതരണം ചെയ്യുന്നത്. ഇപ്രകാരം വിതരണം ചെയ്യുന്ന വായ്പയിൽ കൃത്യമായി തിരിച്ചടക്കുന്ന കർഷകർക്ക് 3% പലിശ സബ് വെൻഷൻ കേന്ദ്ര സർക്കാർ അനുവദിക്കുന്നു. കൃത്യമായി തിരിച്ചടക്കുന്ന കർഷകർക്ക് ബാക്കി വരുന്ന 4% തുക സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്നു. ഫലത്തിൽ കൃത്യമായി വായ്പ തിരിച്ചടക്കുന്ന കർഷകർക്ക് പലിശ രഹിതമായി വായ്പ ലഭിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. കാർഷിക വായ്പകളുടെ പലിശ നിരക്ക് കർഷകർക്ക് സഹായകരമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | 2011-12 ൽ ധനസഹായത്തിനായി നീക്കിവച്ചിട്ടുള്ള തുകയെത്രയാണെന്നും അത് സംബന്ധിച്ച രൂപരേഖ എന്താണെന്നും വിശദമാക്കുമോ? | (ഇ) | 2011-12 സാമ്പത്തിക വർഷം സംസ്ഥാനത്തൊട്ടാകെ എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കുമായി 867.41 കോടി രൂപയുടെ പുനർവായ്പ പരിധിക്കുള്ള |

അപേക്ഷയാണ് സംസ്ഥാന സഹകരണ ബാങ്ക് സഹകരണ സംഘം രജിസ്ട്രാർ മുഖാന്തിരം നബാർഡിന് സമർപ്പിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ